ഉത്തരം.

(എ) 1121 M. E. യിൽ.

(ബി) ഏറണാകുളത്തു് ഒരു സബ്ഡിവിഷൻ മജിസ്ട്രേട്ട കോടതി സ്ഥാപിച്ചതുകൊണ്ടു് ആലുവായിലെ കോടതി നിറുത്തലാക്കി. എന്നാൽ അതേസമയംതന്നെ എറണാകുളം ഒന്നാംക്ലാസ്സു് കോടതി ആലുവായിലേക്കു മാറ്റി സ്ഥാപിക്കുകയും ഉണ്ടായിട്ടുണ്ടു്.

സബ്കോടതികൾ.

260. [16] ശ്രീ. ടി. ഒ. ബാവാ : താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

തിരുവിതാംകൂർ-കൊച്ചിയിൽ എത്ര സബ്കോടതികൾ നിലവിലുണ്ടു്; ഇരിങ്ങാലക്കുട ഒരു സബ്കോടതി സ്ഥാപിക്കുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം.

തിരുവിതാംകൂർ–കൊച്ചിയിൽ ആറിടങ്ങളിൽ, പത്മനാഭപുരം, വൈക്കം, മൂവാറ്റുപുഴ, ഇരിങ്ങാലക്കുട, ചിറയിൻകീഴ് ഈ ആറു് സ്ഥലങ്ങളിൽ സബ്കോടതികളുണ്ടു്. 18-8-1955-ൽ ഇരിങ്ങാലക്കുടയിൽ ഒരു സബ് കോടതി തുടങ്ങി.

റയിൽവേ ഗതാഗതം.

261. [17] ശ്രീ. തലേക്കര കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുറിച്ചിപ്പുറത്തുനിന്നു കുന്നംകുളം വഴി ഗുരുവായൂക്കു് ഒരു റയിൽവേ ഗതാഗതം ആരംഭിക്കുന്നതിനു് തലപ്പിള്ളി താലൂക്കു് ഡെവലപ്പുമെൻറു് കമ്മിറ്റിയുടെ നിർദ്ദേശത്തെപ്പറ്റി ഗവണ്മെൻറു് ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം.

കുറിച്ചിപ്പുറത്തുനിന്നും ഗുരുവായൂർവഴി കൊട്ടാരക്കരയിലേക്കു് ഒരു റയിൽവേലൈൻ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര ഗവണ്മെൻറിനോടു് ശുപാർശചെയ്തിട്ടുണ്ടു്.

Anglo Indians in the Revenue Department

262. [18] SHRI A. A. D. LUIZ: Will the Minister for Home affairs be pleased to state:

Whether any Anglo-Indian has been dismissed from the Revenue Department during the past five years; if so, please state names?

Answer.

No Anglo-Indian has been dismissed from Revenue Department.

LIBRARY ARCHIVES Kerala Legislative Assembly